**മധുരമായ കുട്ടികളേ – വിശ്വത്തിലെ എല്ലാ ആത്മാക്കളും അജ്ഞാനികളും ദു:ഖികളുമാണ്, താങ്കൾ അവർക്ക് ഉപകാരം ചെയ്യൂ, ബാബയുടെ പരിചയം കൊടുത്ത് സന്തോഷത്തിലേക്ക് കൊണ്ടുവരൂ, അവരുടെ കണ്ണ് തുറപ്പിക്കൂ.**

**ചോദ്യം:–** ഏത് സെന്ററിന്റെയും അഭിവൃദ്ധിയുടെ ആധാരം എന്താണ്?
**ഉത്തരം:–** നിസ്വാർത്ഥമായ സത്യമായ ഹൃദയത്തോടെയുള്ള സേവനം. നിങ്ങൾക്ക് സേവനത്തിനോട് സദാ താൽപ്പര്യം ഉണ്ടെങ്കിൽ ഭണ്ഡാരം നിറഞ്ഞുകൊണ്ടിരിക്കും. എവിടെയെല്ലാം സേവനത്തിന് സാദ്ധ്യതയുണ്ടോ അവിടെയെല്ലാം പ്ലാനുകൾ തയ്യാറാക്കണം. ആരോടും യാചിക്കരുത്. യാചിക്കുന്നത് മരിക്കുന്നതിന് തുല്യമാണ്. സകലതും സ്വതവേ വന്നുചേർന്നോളും. നിങ്ങൾ പുറമേയുള്ളവരെപ്പോലെ സ്വരൂപിച്ചുവെക്കേണ്ട. യാചിക്കുന്നതിലൂടെ സെന്റർ നിറയില്ല. അതുകൊണ്ട് യാചിക്കാതെ തന്നെ സെന്ററിനെ നിറയ്ക്കൂ.

**ഓം ശാന്തി**. ആത്മീയകുട്ടികൾ ഇവിടെ ഇരിക്കുകയാണ്, ബുദ്ധിയിൽ ജ്ഞാനമുണ്ട്, നമ്മൾ എങ്ങനെയാണ് ആരംഭത്തിൽ മുകളിൽനിന്ന് വന്നത്. വിഷ്ണുവിന്റെ അവതരണത്തെക്കുറിച്ച് ഒരു കളി കാണിക്കുന്നുണ്ട് വിമാനത്തിലിരുന്ന് മുകളിൽനിന്ന് താഴേക്ക് വരുന്നതായി. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി അവതാരമായിട്ട് എന്തെല്ലാം കാണിക്കുന്നുണ്ടോ അതെല്ലാം തെറ്റാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി – നമ്മൾ ആത്മാക്കൾ യഥാർത്ഥത്തിൽ എവിടെ വസിച്ചിരുന്നവരാണ്, എങ്ങനെയാണ് മുകളിൽനിന്നും ഇവിടേക്ക് വന്നത്, എങ്ങനെ 84 ജന്മങ്ങൾ എടുത്ത് പാർട്ട് അഭിനയിച്ച് പതിതമായി മാറി? ഇപ്പോൾ വീണ്ടും ബാബ പവിത്രമാക്കി മാറ്റുകയാണ്. 84 ജന്മത്തിന്റെ ചക്രം എങ്ങനെയെടുക്കുന്നു–ഇതും നിങ്ങൾ വിദ്യാർത്ഥികളുടെ ബുദ്ധിയിലുണ്ടായിരിക്കണം? ഇത് സ്മൃതിയിലുണ്ടായിരിക്കണം. ബാബ തന്നെ മനസ്സിലാക്കിത്തരികയാണ് – നിങ്ങൾ എങ്ങനെ 84 ജന്മങ്ങൾ എടുത്തു. കൽപത്തിന്റെ ആയുസ്സ് നീട്ടിക്കാണിക്കുന്നതു കാരണം ഇത്രയും സഹജമായ കാര്യം പോലും മനുഷ്യർ മനസ്സിലാക്കുന്നില്ല, അതുകൊണ്ടാണ് അന്ധവിശ്വാസമെന്ന് പറയുന്നത്. മറ്റു ധർമങ്ങളെല്ലാം എങ്ങനെ സ്ഥാപിക്കപ്പെടുന്നു, ഈ കാര്യം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾക്കറിയാം പുനർജ്ജന്മം എടുത്തെടുത്ത്, പാർട്ട് അഭിനയിച്ചഭിനയിച്ച് ഇപ്പോൾ അന്തിമത്തിലെത്തി നിൽക്കുന്നു. ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകുന്നു. ഈ അറിവ് ഇപ്പോൾ കുട്ടികൾക്കുണ്ട്. ലോകത്തിലാരും ഇത് അറിയുന്നില്ല. പറയപ്പെടുന്നു 5000 വർഷത്തിനു മുമ്പ് സ്വർഗ്ഗമായിരുന്നു. എന്നാൽ അതെന്തായിരുന്നു, എന്ന് അറിയുന്നില്ല. തീർച്ചയായും ആദിസനാതന ദേവീദേവതാധർമ്മത്തിന്റെ രാജ്യമുണ്ടായിരുന്നു. ഇതും അറിയുന്നില്ല. നമ്മളും ആദ്യം ഒന്നും അറിയാത്തവരായിരുന്നു എന്ന് നിങ്ങൾ മനസിലാക്കുന്നു. മറ്റുള്ള ധർമ്മത്തിലുള്ളവർ തന്റെ ധർമ്മസ്ഥാപകരെ അറിയാതിരിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ അറിവുള്ളവരും, നോളേജ് ഫുള്ളുമായിക്കഴിഞ്ഞു. ബാക്കി മുഴുവൻ ലോകവും അജ്ഞാനത്തിലാണ്. നാം എത്ര വിവേകശാലികളായി മാറിയതായിരുന്നു. ഇപ്പോൾ വീണ്ടും വിവേകശൂന്യരും അജ്ഞാനികളുമായി മാറി. മനുഷ്യരായിരുന്നിട്ടും അഥവാ അഭിനേതാക്കളായിട്ടും നമ്മുടെ പാർട്ടിനെകുറിച്ച് അറിവുണ്ടായിരുന്നില്ല. ഈ ജ്ഞാനത്തിന്റെ പ്രഭാവം നോക്കൂ എത്രയാണ്. ഇത് നിങ്ങളേ അറിയുന്നുള്ളു, കുട്ടികളുടെ ഉള്ളിൽ എത്ര ഗദ്ഗദം ഉണ്ടാകണം. എപ്പോഴാണോ ധാരണയുണ്ടാകുന്നത് അപ്പോഴാണ് ഉള്ളിൽ സന്തോഷമുണ്ടാകുന്നത്. നിങ്ങൾക്കറിയാം നമ്മൾ ആരംഭത്തിൽ എങ്ങനെ വന്നവരാണ്, പിന്നെങ്ങനെ ശൂദ്രകുലത്തിൽനിന്നും ബ്രാഹ്മണകുലത്തിലേക്ക് ട്രാൻസ്ഫർ ആയി. ഈ സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്, നിങ്ങൾക്കല്ലാതെ ഇതൊന്നും ലോകത്താർക്കും തന്നെ അറിയില്ല. ഉള്ളിൽ ജ്ഞാനത്തിന്റെ നൃത്തമാടണം. ബാബ നമുക്ക് എത്ര അത്ഭുതകരമായ അറിവാണ് നൽകുന്നത്, ഇതിലൂടെയാണ് നമ്മൾ സമ്പത്ത് നേടുന്നത്. എഴുതിവച്ചിട്ടുണ്ട് രാജയോഗത്തിലൂടെ ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. പക്ഷേ ഒന്നും മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ ബുദ്ധിയിൽ മുഴുവൻ രഹസ്യവും തെളിഞ്ഞിരിക്കുന്നു. നമ്മൾ ശൂദ്രനിൽനിന്നും ബ്രാഹ്മണനാകുകയാണ്. ഈ മന്ത്രവും ബുദ്ധിയിലുണ്ട്. ബ്രാഹ്മണനായി പിന്നീട് ദേവതകളായി മാറും വീണ്ടും പടികളിറങ്ങി താഴെയെത്തും. എത്ര പുനർജ്ജന്മങ്ങളെടുത്ത് ചക്രം കറങ്ങുന്നു. ഈ നോളേജ് ബുദ്ധിയിലിരിക്കുന്നതുകാരണം സന്തോഷമുണ്ടാകണം. മറ്റുള്ളവർക്കും എങ്ങനെ ഈ ജ്ഞാനം ലഭിക്കും? എത്ര ചിന്ത നടന്നുകൊണ്ടിരിക്കുന്നുണ്ട്. എങ്ങനെ സകലർക്കും ബാബയുടെ പരിചയം കൊടുക്കാം? നിങ്ങൾ ബ്രാഹ്മണർ എത്ര ഉപകാരം ചെയ്യുന്നവരാണ്. ബാബയും ഉപകാരം ചെയ്യുന്നില്ലേ. ആര് പൂർണ്ണമായും അജ്ഞാനികളാണോ, അവരെ സദാ സുഖികളാക്കി മാറ്റണം. കണ്ണ് തുറക്കണം. സന്തോഷമുണ്ടാകില്ലേ. ആർക്ക് സേവനത്തിനോട് താൽപര്യമുണ്ടോ അവരുടെയുള്ളിൽ വളരെ

സന്തോഷമുണ്ടായിരിക്കേണ്ടതാണ്. നമ്മൾ ആത്മാക്കൾ എവിടെ വസിച്ചിരുന്നവരാണ്, എങ്ങനെയാണ് പാർട്ട് അഭിയിക്കുന്നതിനുവേണ്ടി വന്നത്? എത്ര ഉയർന്നവരായി മാറിയത്. പിന്നെ എങ്ങനെയാണ് താഴേക്ക് വന്നത്. രാവണരാജ്യം എപ്പോൾ ആരംഭിച്ചു? ഇതും ബുദ്ധിയിൽ വന്നു.

ഭക്തിയും ജ്ഞാനവും രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ആദ്യം മുതൽ ആരാണ് ഭക്തി ചെയ്തത്? നിങ്ങൾ പറയും ആദ്യമാദ്യം ഞങ്ങൾ വന്നു വളരെ സുഖം അനുഭവിച്ചു പിന്നീട് ഭക്തി ചെയ്യാൻ തുടങ്ങി. പൂജ്യനും പൂജാരിയും തമ്മിൽ എത്ര രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമാണ്. നിങ്ങളുടെയടുക്കൽ ഇപ്പോഴെത്ര ജ്ഞാനമാണുള്ളത്. സന്തോഷമുണ്ടായിരിക്കണ്ടേ. എങ്ങനെയാണ് നമ്മൾ 84 ജന്മത്തിന്റെ ചക്രം കറങ്ങിയത്. 84 ജന്മവും, 84 ലക്ഷവും എവിടെ കിടക്കുന്നു. ഇത്രയും ചെറിയ കാര്യം പോലും ആരുടേയും ശ്രദ്ധയിൽ വരുന്നില്ല. നല്ല നല്ല കുട്ടികളുടെ ബുദ്ധിയിൽ ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും, അപ്പോൾ അവരെപ്പറയാം സ്വദർശനചക്രധാരി. സത്യയുഗത്തിൽ ഈ നോളേജില്ല. സ്വർഗ്ഗത്തിന് എത്ര മഹിമയാണ്. സ്വർഗ്ഗം ഭാരതത്തിൽ മാത്രമായിരുന്നു. എന്താണോ ആയിരുന്നത്, അത് വീണ്ടും ആയിത്തീരും. പുറമേ നിന്ന് നോക്കിയാൽ ഒന്നുമറിയില്ല. സാക്ഷാത്കാരം ഉണ്ടാകും. നിങ്ങൾക്കറിയാം ഈ പഴയ ലോകം ഇപ്പോൾ അവസാനിക്കും. നമ്പർവൈസായി പുതിയ ലോകത്തിലേക്ക് വരും. ആത്മാക്കൾ എങ്ങനെയാണ് വന്ന് പാർട്ട് അഭിനയിക്കുന്നത്, നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ആത്മാക്കൾ മുകളിൽനിന്ന് താഴേക്ക് വീഴുകയല്ല. നാടകത്തിൽ കാണിക്കുന്നതുപോലെ. ആത്മാവിനെ ഈ കണ്ണുകളിലൂടെ ആർക്കും കാണാൻ സാധിക്കില്ല. ആത്മാവ് എങ്ങനെയാണ് വരുന്നത്, എങ്ങനെ ചെറിയ ശരീരത്തിലേക്ക് പ്രവേശിക്കുന്നു, വലിയ വണ്ടർഫുള്ളായ കളിയാണ്. ഇത് ഈശ്വരീയ പഠിപ്പാണ്. ഈ പഠിപ്പിൽ രാത്രിയും പകലും ചിന്ത വെക്കണം. നമ്മൾ ഒരു പ്രാവശ്യം മനസ്സിലാക്കും, കാണും പിന്നീട് അതിനെ വർണ്ണിക്കും. ഇന്ദ്രജാലക്കാർ പല വസ്തുക്കളും പുറത്തെടുക്കും പോലെ. ബാബയേയും ഇന്ദ്രജാലക്കാരനെന്നും കച്ചവടക്കാരനെന്നും, രത്നവ്യാപാരിയെന്നും പറയാറില്ലേ. ആത്മാവിലാണ് മുഴുവൻ ജ്ഞാനവും കിടക്കുന്നത്. ആത്മാവാണ് ജ്ഞാനത്തിന്റെ സാഗരൻ. പരമാത്മാവിനെ ജ്ഞാനത്തിന്റെ സാഗരനെന്ന് പറയും, പക്ഷേ ആരാണ് എങ്ങനെ ജാലവിദ്യക്കാരനാകുന്നു, ഇതൊന്നും അറിയുന്നില്ല. നിങ്ങളും ആദ്യം മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ ബാബ വന്ന് ദേവതയാക്കി മാറ്റുകയാണ്. ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം ഒരു ബാബയാണ് നോളേജ്ഫുൾ, നമ്മളെ പഠിപ്പിക്കുകയാണ്. ഇത് നിങ്ങൾ മാത്രമേ അറിയുന്നുള്ളു. രാത്രിയും പകലും ഉള്ളിൽ ഈ സ്മൃതി ഉണ്ടായിരിക്കണം. പരിധിയില്ലാത്ത നാടകത്തിന്റെ ഈ നോളേജ് കേവലം ഒരു ബാബക്കു മാത്രമേ കേൾപ്പിക്കാൻ സാധിക്കൂ, വേറെ ആർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ബാബയെ കാണാൻ സാധിക്കില്ല, പക്ഷേ ബാബയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. ബാബ പറയുന്നു ഞാൻ സത്യത്രേതായുഗത്തിലേക്ക് വരുന്നില്ല, പക്ഷേ മുഴുവൻ ജ്ഞാനവും കേൾപ്പിക്കുന്നുണ്ട്. അത്ഭുതം തോന്നുന്നില്ലേ. ആരാണോ ഒരിക്കലും പാർട്ട് സ്വീകരിക്കാത്തത്, ആ ബാബ എങ്ങനെ പറഞ്ഞുതരുന്നു? ബാബ പറയുകയാണ് ഞാൻ ഒന്നും കാണുന്നില്ല. സത്യത്രേതായുഗത്തിലേക്ക് വരുന്നില്ലെങ്കിലും പക്ഷേ എന്നിൽ നല്ല നോളേജാണ് ഉള്ളത്. അത് ഒരു പ്രാവശ്യം വന്ന് നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങൾ പാർട്ട് അഭിനയിച്ചിട്ടുണ്ടായിരുന്നു, നിങ്ങൾ അറിയുന്നതേയില്ല. പാർട്ടേ അഭിനയിക്കാത്ത ആ ബാബ എല്ലാം കേൾപ്പിക്കുകയാണ് - അത്ഭുതമല്ലേ. നമ്മളാണ് പാർട്ട് ധാരി, എന്നാൽ നമ്മളൊന്നും അറിയുന്നില്ല. ബാബയിൽ എത്ര മുഴുവൻ ജ്ഞാനവുമാണ്. ബാബ പറയുന്നു ഞാൻ സത്യത്രേതായുഗത്തിലേക്ക് വരുന്നില്ല. പിന്നെങ്ങനെ നിങ്ങൾക്ക് അനുഭവം കേൾപ്പിക്കും. ഡ്രാമയനുസരിച്ച് അനുഭവമില്ലാതെ കാണാതെ മുഴുവൻ നോളേജും നൽകുന്നു. എത്ര അത്ഭുതമാണ് - ഞാൻ പാർട്ട് അഭിനയിക്കാനേ വരുന്നില്ല. നിങ്ങൾക്ക് മുഴുവൻ പാർട്ടും മനസ്സിലാക്കിത്തരികയാണ്, അതുകൊണ്ടാണ് എന്നെ നോളേജ് ഫുൾ എന്ന് പറയുന്നത്.

ബാബ പറയുകയാണ് ഇപ്പോൾ മധുരമധുരമായ കുട്ടികൾക്ക് തന്റെ ഉന്നതി ചെയ്യണമെങ്കിൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇതാണ് കളി. നിങ്ങൾ വീണ്ടും ഇതുപോലെ കളിക്കുന്നതാണ്. ദേവീദേവതയായി മാറും. പിന്നീട് അന്തിമത്തിൽ ചക്രം കറങ്ങി മനുഷ്യനായി മാറും. അത്ഭുതം തോന്നുന്നില്ലേ. ബാബയിൽ എവിടെ നിന്നാണ് ഈ നോളേജ് വരുന്നത്. ബാബക്ക് ഗുരു പോലുമില്ല. ഡ്രാമയനുസരിച്ച് ബാബയിൽ ആദ്യം തന്നെ ഈ പാർട്ട് അടങ്ങിയിട്ടുണ്ട്. ഓരോ കാര്യവും അത്ഭുതം നിറഞ്ഞതാണ്. ബാബയിരുന്ന് പുതിയ പുതിയ കാര്യം മനസ്സിലാക്കിത്തരികയാണ്. അങ്ങിനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം. 84 ചക്രത്തേയും ഓർമ്മിക്കണം. ഈ രഹസ്യവും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. വിശ്വരൂപത്തിന്റെ ചിത്രം എത്ര നല്ലതാണ്. ലക്ഷ്മീനാരായണന്റെ അഥവാ വിഷ്ണുവിന്റെ ചിത്രം ഉണ്ടാക്കുന്നു, അതിൽ കാണിക്കുന്നത് ഇതാണ് നമ്മൾ എങ്ങനെയാണ് 84 ജന്മത്തിലേക്ക് വരുന്നത്. നമ്മൾ തന്നെ ദേവത, പിന്നീട് ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനാകുന്നു. ഇത് സ്ഓ

ഓർമിക്കുന്നതിന് എന്താ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ? ബാബ നോളേജ് ഫുള്ളാണ്. ആരിൽനിന്നും പഠിച്ചിട്ടില്ല, ശാസ്ത്രങ്ങളൊന്നും പഠിച്ചിട്ടില്ല, ഒന്നും പഠിക്കാതെ, ഗുരുവില്ലാതെ ഇത്രയും മുഴുവൻ നോളേജും കേൾപ്പിക്കുന്നു – ഇങ്ങനെയൊന്ന് കേട്ടിട്ടേയില്ല. ബാബ എത്ര മധുരമാണ്. ഭക്തിമാർഗ്ഗത്തിൽ ചിലർ ചിലരെ മധുരമാണെന്ന് പറയും, വേറെ ചിലർ മറ്റു പലരെ പറയും. ആർക്ക് എന്തു തോന്നുന്നു അതിനനുസരിച്ച് പൂജിക്കുന്നു. ബാബ ഇരുന്ന് എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിത്തരികയാണ്. ആത്മാവ് ആനന്ദസ്വരൂപമാണ്, പിന്നീട് ആത്മാവുതന്നെയാണ് ദു:ഖത്തിന്റെ രൂപത്തിൽ അഴുക്കായി മാറുന്നത്. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഒന്നും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. എന്റെ എത്ര മഹിമ ചെയ്തിരുന്നു. പക്ഷേ ഒന്നും അറിയുമായിരുന്നില്ല. ഇതും എത്ര അത്ഭുതകരമായ കളിയാണ്. ഈ മുഴുവൻ കളിയും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഈ പടിയുടെ ചിത്രമൊന്നും കണ്ടിട്ടേയുണ്ടായിരുന്നില്ല. ഇപ്പോൾ കാണുന്നു, കേൾക്കുന്നു, പറയുകയും ചെയ്യുന്നുണ്ട് ഈ ജ്ഞാനം എത്ര യഥാർത്ഥമായതാണ്. എന്നാൽ കാമം മഹാ ശത്രുവാണ്, ഇതിന്റെ മേൽ വിജയം പ്രാപിക്കണം, ഇത് കേൾക്കുമ്പോൾ ലൂസ്സാകും. നിങ്ങളെത്ര മനസ്സിലാക്കിക്കൊടുക്കുന്നു, പക്ഷേ മനസ്സിലാകുന്നില്ല. എത്ര പരിശ്രമിക്കുന്നു, നിങ്ങൾക്കറിയാം കഴിഞ്ഞ കൽപ്പത്തിൽ ആര് മനസ്സിലാക്കിയിട്ടുണ്ടോ അവരേ മനസ്സിലാക്കുകയുള്ളു. ദൈവീക പരിവാരത്തിലുള്ളവർ എത്ര ആയിത്തീരാനുണ്ടോ അവർക്കേ ധാരണയുണ്ടാകൂ. നിങ്ങൾക്കറിയാം ശ്രീമത്തിലൂടെയാണ് നമ്മൾ രാജധാനിയുടെ സ്ഥാപന ചെയ്യുന്നത്.ബാബയുടെ നിർദ്ദേശമാണ് മറ്റുള്ളവരെയും തനിക്ക് സമാനമാക്കി മാറ്റൂ. ബാബ എല്ലാ ജ്ഞാനവും കേൾപ്പിക്കുകയാണ്. നിങ്ങളും കേൾക്കുന്നു, ശിവബാബയുടെ ഈ രഥത്തിനും കേൾക്കാൻ സാധിക്കും. പക്ഷേ സ്വയത്തെ ഗുപ്തമാക്കി വെച്ചിരിക്കുന്നു. നിങ്ങൾ ശിവബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കണം. ബ്രഹ്മാബാബയുടെ മഹിമ ചെയ്യണ്ട. സർവ്വരുടെയും സദ്ഗതി ദാതാവും മായയുടെ ചങ്ങലയിൽനിന്നും മുക്തമാക്കുന്നതും ഒരു ബാബയാണ്.

ബാബ എങ്ങനെയാണ് നിങ്ങൾക്ക് മനസ്സിലാക്കിതരുന്നത്– കുട്ടികൾക്കല്ലാതെ മറ്റാർക്കും ഇത് അറിയില്ല. രാവണൻ എന്താണെന്നുപൊലും മനുഷ്യർക്ക് അറിയില്ല.ഓരോ വർഷവും കത്തിക്കുന്നുണ്ട്. ശത്രുവിന്റെയാണ് കോലം കത്തിക്കാറുള്ളത്. നിങ്ങൾക്ക് ഇപ്പോൾ അറിയാം രാവണൻ ഭാരതത്തിന്റെ ശത്രുവാണ്. രാവണനാണ് ഭാരതത്തിൽ ഇത്രയും ദു:ഖവും ദാരിദ്ര്യവും ഉണ്ടാക്കിയത്. എല്ലാവരും രാവണന്റെ 5 വികാരങ്ങളാവുന്ന വലയിൽ കുരുങ്ങിപോയി. കുട്ടികളുടെ ഉള്ളിൽ ചിന്ത വരണം എങ്ങനെ മറ്റുള്ളവരെ രാവണനിൽ നിന്ന് മോചിപ്പിക്കാം. സേവ നടക്കണമെങ്കിൽ പദ്ധതി തയ്യാറാക്കണം. സത്യമായ ഹൃദയത്തോടെ, നിസ്വാർത്ഥമായി സേവ ചെയ്യണം. ബാബ ഇങ്ങനെയുള്ള കുട്ടികളുടെ ഭണ്ഡാരം ഞാൻ നിറക്കും. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. സേവനത്തിന് നല്ല അവസരമാണെങ്കിൽ ചോദിക്കേണ്ട ആവശ്യം പോലും ഇല്ല. ബാബ പറയുകയാണ് സേവ ചെയ്തുകൊണ്ടിരിക്കൂ. ആരോടും യാചിക്കരുത്. യാചിക്കുന്നത് മരിക്കുന്നതിന് തുല്യമാണ്. സ്വയം എല്ലാം താങ്കളുടെ അടുക്കൽ വന്നുകൊള്ളും. ബാബ പറയുകയാണ് സേവ ചെയ്തു കൊണ്ടിരിക്കൂ. യാചിക്കുന്നതിലൂടെ സെന്റർ ഒരിക്കലും നിറയില്ല. യാചിക്കാതെ തന്നെ നിങ്ങൾ സെന്ററിനെ സമ്പന്നമാക്കൂ. എല്ലാം വന്നുകൊള്ളും. അതിൽ ശക്തിയുണ്ടായിരിക്കും. പുറത്തുള്ളവർ സ്വരൂപിച്ച് വെക്കുന്നതുപോലെ നിങ്ങൾക്ക് ചെയ്യേണ്ടതില്ല.

മനുഷ്യരെ ഒരിക്കലും ഭഗവാനെന്ന് പറയില്ല. ജ്ഞാനം ബീജമാണ് ബീജരൂപനായ ബാബ ഇരുന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്. ബീജമല്ലേ നോളേജ്ഫുൾ. ജഡബീജത്തിന് വർണ്ണിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് സാധിക്കും. നിങ്ങൾക്ക് എല്ലാ കാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കാനാവും. ഈ പരിധിയില്ലാത്ത വൃക്ഷത്തെക്കുറിച്ച് ആരും മനസിലാക്കുന്നില്ല. നിങ്ങൾ അനന്യരായ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് – മായയും പ്രബലനാണ്. കുറച്ച് സഹിക്കേണ്ടതായിട്ടുമുണ്ട്. എത്ര കടുത്ത വികാരങ്ങളാണ്. നല്ല സർവ്വീസ് ചെയ്യുന്നവർക്ക് പോലും പോകെപ്പോകെ മായയുടെ പ്രഹരം ഏൽക്കുന്നു, പിന്നെ പറയും ഞങ്ങൾ വീണു പോയി. പടി മുകളിലേക്ക് കയറിക്കയറി പെട്ടെന്ന് താഴേക്ക് വീഴുന്നു. മുഴുവൻ സമ്പാദ്യവും നഷ്ടപ്പെടുന്നു. ശിക്ഷ തീർച്ചയായും ലഭിക്കണം. ബാബയോട് പ്രതിജ്ഞ ചെയ്യുന്നു, രക്തം കൊണ്ടു പോലും എഴുതിക്കൊടുക്കും. പിന്നെ അപ്രത്യക്ഷമാകും. ബാബ പക്കായാക്കുന്നതിനുവേണ്ടി നോക്കുന്നുമുണ്ട്, ഇത്രയും യുക്തികൾ ചെയ്ത് തന്നിട്ടു പോലും പിന്നീട് ലോകത്തേക്കുതന്നെ പോകുന്നു. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. അഭിനേതാവ് തന്റെ പാർട്ടിനെ സ്മരിക്കണം. സ്വന്തം പാർട്ട് ഒരിക്കലും മറക്കാൻ സാധിക്കില്ല. ബാബ ദിവസവും വ്യത്യസ്ത പ്രകാരത്തിൽ മനസ്സിലാക്കിത്തരുന്നു. നിങ്ങൾ വളരെയധികം പേർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു പിന്നെ പറയും ഞങ്ങൾക്ക് ബാബയുടെ സന്മുഖത്തേക്ക് പോകണം. ബാബക്ക് അത്ഭുതമാണ് ദിവസവും മുരളി കേൾപ്പിക്കുന്നു ബാബ നിരാകാരനാണ്. നാമരൂപദേശം, കാലമൊന്നും ഇല്ല. പിന്നെങ്ങനെ മുരളി കേൾപ്പിക്കും. അത്ഭുതപ്പെടാറുണ്ട്, പിന്നെ പക്കായായി ബാബയുടെ അടുക്കലേക്ക്

വരും. മനസ്സിൽ തോന്നും ഇങ്ങനെയുള്ള ബാബ സമ്പത്തു തരാൻ വന്നിരിക്കയാണ്. ബാബയെ കാണണം. ഈ തിരിച്ചറിവിലൂടെ വന്ന് ബാബയെ കാണുകയാണെങ്കിൽ ബാബയിൽ നിന്നും ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യാം. ശ്രീമത്ത് പാലിക്കാൻ സാധിക്കും. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനത്തെ ജീവിതത്തിൽ ധാരണ ചെയ്ത് സന്തോഷത്തിൽ ഗദ്ഗദമുണ്ടാകണം. വണ്ടർഫുള്ളായ ജ്ഞാനത്തേയും ജ്ഞാനദാതാവിനെയും സ്മരിച്ച് ജ്ഞാനനൃത്തം ചെയ്യണം.

2) തന്റെ പാർട്ടിനെ സ്മരിക്കണം, മറ്റുള്ളവരുടെ പാർട്ടിനെ നോക്കരുത്. മായ വളരെ പ്രബലനാണ് അതുകൊണ്ട് കരുതലോടെയിരിക്കണം. തന്റെ ഉന്നതിയിൽ മുഴുകൂ. സേവനത്തിൽ താൽപ്പര്യം വെക്കൂ.

## വരദാനം:- നല്ലതിൽ പ്രഭാവിതമാകുന്നതിന് പകരം അതിനെ സ്വയത്തിൽ ധാരണ ചെയ്യുന്ന പരമാത്മാ സ്നേഹിയായി ഭവിക്കൂ

അഥവാ പരമാത്മാ സ്നേഹിയാകണമെങ്കിൽ ദേഹബോധത്തിന്റെ തടസ്സത്തെ പരിശോധിക്കൂ. പല കുട്ടികളും പറയാറുണ്ട് ഇവർ വളരെ നല്ലവരാണ് അതുകൊണ്ട് അൽപം ദയ വരുന്നു... ചിലർക്ക് ചിലരുടെ ശരീരത്തോട് മമത്വം വരുമ്പോൾ ചിലർക്ക് ചിലരുടെ ഗുണങ്ങളോട് അല്ലെങ്കിൽ വിശേഷതകളോട് മമത്വം വരുന്നു. എന്നാൽ ഈ വിശേഷത അല്ലെങ്കിൽ ഗുണം നൽകുന്നതാരാണ്? ആരെങ്കിലും നല്ലതാണെങ്കിൽ നല്ലതിനെ ധാരണ ചെയ്യൂ എന്നാൽ നല്ലതിൽ പ്രഭാവിതരാകരുത്. വേറിട്ടവരും ബാബയ്ക്ക് പ്രിയപ്പെട്ടവരുമായി കഴിയൂ. ഇങ്ങനെ പ്രിയപ്പെവർ അർത്ഥം പരമാത്മാ സ്നേഹി കുട്ടികൾ സദാ സുരക്ഷിതരായിരിക്കുന്നു.

## സ്ലോഗൻ:- ശാന്തിയുടെ ശക്തി ധാരണ ചെയ്യൂ എങ്കിൽ സേവനത്തിന്റെ ഗതി തീവ്രമാകും.